തുറമുഖ വകുപ്പിന്റെ "പത്മശ്രീ" "ജീവൻരക്ഷക" കപ്പലുകൾ

1367. [2045] ശ്രീ. പി.എം. അബൂബക്കർ :
,, ഇ. ടി. മുഹമ്മദ് ബഷീർ
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, എ. വി. അബ്ദുറഹിമാൻ ഹാജി :
,, കെ. എം. ഹംസക്കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തുറമുഖവകുപ്പ് "പത്മശ്രീ", "ജീവൻരക്ഷക" എന്നീ കപ്പലുകൾ വാങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് വിലയ്ക്ക് ആരിൽ നിന്ന് വാങ്ങി എന്ന് വ്യക്തമാക്കുമോ ;

(സി) ഇവ വാങ്ങിയതിനുശേഷം റിപ്പയറിംഗിനുവേണ്ടി കരയ്ക്കടുപ്പിക്കുകയോ കടപ്പുറത്ത് കയറ്റുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര കാലം ;

(ഇ) ഈ കപ്പലുകൾക്ക് മാനുഫാക്ചറിംഗ് ഡിഫക്ട്സ് ഉണ്ടായിരുന്നോ ?

ഉത്തരം

(എ) തുറമുഖ വകുപ്പ് "പത്മശ്രീ", "ജീവൻരക്ഷക" എന്നീ ടഗ്ഗുകളാണ് വാങ്ങിയിട്ടുള്ളത്. കപ്പലുകളല്ല.

(ബി) "ജീവൻരക്ഷക" എന്ന ടഗ്ഗ് 1982 ജൂണിൽ കൊച്ചിയിലെ ഐലൻഡ് മറൈൻ ക്രാഫ്റ്റ്സ് ആൻഡ് എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും നാൽപ്പത്തിയാറ് ലക്ഷത്തി മുപ്പത്തി ഒന്നായിരം രൂപയ്ക്ക് വാങ്ങി.

"പത്മശ്രീ" എന്ന ടഗ്ഗ് 1986 ഏപ്രിലിൽ ബോംബെയിലെ എൻ.എൻ. ഷിപ്പിംഗ് ബിൽഡേഴ്സിൽ നിന്നും അറുപത്തിരണ്ടു ലക്ഷത്തി ഇരുപത്തിനാലായിരം രൂപയ്ക്ക് വാങ്ങി.

(സി)&(ഡി) "ജീവൻരക്ഷക" എന്ന ടഗ്ഗ് 1984-ൽ 14 ദിവസവും, 1986-ൽ 15 ദിവസവും, വാർഷിക അറ്റകുറ്റപ്പണികൾക്കായി കരയിൽ കയറ്റിയിട്ടുണ്ട്. "പത്മശ്രീ" ഇതേവരെ കരയിൽ കയറ്റിയിട്ടില്ല.

(ഇ) ഇല്ല.

കൊടുങ്ങല്ലൂർ മൈനർ പോർട്ടിന്റെ വികസനം

1368. [2046] ശ്രീ. വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ മൈനർ പോർട്ട് വികസിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി ഉണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇപ്പോൾ ഇല്ല.

(ബി) ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടം

1369. [2047] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ജൂൺ മാസത്തിനുശേഷം കൈക്കൊണ്ട നടപടികളുടെ ഫലമായി ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ നഷ്ടം കുറയ്ക്കാൻ കഴിഞ്ഞുവോ ;

(ബി) എങ്കിൽ 20-10-1986 വരെ എത്ര നഷ്ടം കുറയ്ക്കാൻ കഴിഞ്ഞു ?

ഉത്തരം

(എ) കഴിഞ്ഞു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

മാനന്തവാടി ഗ്യാരേജിന്റെ നിർമ്മാണം

1370. [2048] ശ്രീ. കെ. രാഘവൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി.യുടെ മാനന്തവാടി ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനം എത്രത്തോളമായി ;

(ബി) പണി എന്ന് പൂർത്തിയാകും ;

(സി) ഇതിനാവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയായോ ?

ഉത്തരം

(എ) ഫൗണ്ടേഷൻ ബേയ്സ്മെന്റ് തീർന്നു. ബാക്കി പണി നടക്കുന്നു.

(ബി) കഴിയുന്നതുംവേഗം പണി പൂർത്തിയാക്കുന്നതാണ്. പണി എന്ന് പൂർത്തിയാകുമെന്ന് കൃത്യമായി പറയുവാൻ നിർവ്വാഹമില്ല.

(സി) എല്ല.

പെർമിറ്റുള്ള ഓട്ടോറിക്ഷകൾ

1371. [2050] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ഒട്ടാകെ എത്ര ഓട്ടോറിക്ഷകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly